# സുന്നി മഹല്ല് ഫെഡറേഷൻ

## പാരന്റിംഗ് ട്രൈനിംഗ് കോഴ്സ് ലഘുവിവരണം

സന്താനങ്ങൾ ജീവിതത്തിന്റെ അലങ്കാരമാണെന്ന് വിശേഷിപ്പിച്ച പരിശുദ്ധ ഖുർആൻ അവരെ കൺകുളിർമ്മയാക്കാനായി പ്രാർത്ഥിക്കുന്നത് സത്യവിശ്വാസിയുട സ്വഭാവമായാണ് പരിചയപ്പെടുത്തിയത്. വിവാഹത്തിലൂടെ കുടുംബ ജീവതത്തിലേക്ക് പ്രവേശിക്കുന്ന ദമ്പതിമാർക്ക് രക്ഷാകർതൃത്വമെന്ന ഗൗരവമായ ഉത്തരവാദിത്വമാണ് അല്ലാഹു ഏൽപ്പിച്ചിരിക്കുന്നു എന്ന ഖുർആൻ വചനത്തിന്റെ വ്യാഖ്യാനത്തിൽ സന്താനപരിപാലനം നിർബന്ധ ബാധ്യതയാണെന്ന് വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. സ്നേഹപൂർവ്വമായ സഹവർത്തിത്വത്തോടെയും സമയോചിതമായ ഇടപെടലിലൂടെയും സന്താനങ്ങളുടെ സ്വഭാവ രൂപീകരണത്തിൽ ക്രിയാത്മകമായി തന്റെ ഉത്തരാവദിത്വം നിർവ്വഹിക്കുന്നിടത്താണ് ഒരു രക്ഷിതാവിന്റെ വിജയം നിലകൊള്ളുന്നത്. എന്നാൽ സമുദായത്തിന്റെ അവസ്ഥ ആശങ്കാചനകമാണ്. മക്കളുടെ വഴിപിഴച്ച വളർച്ചക്ക് കാരണം മാതാപിതാക്കളുടെ അശ്രദ്ധമായ പരിപാലനമാണെന്നതിൽ സംശയമില്ല.

അജ്ഞരായ മാതാവിൽ നിന്നാണ് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കുന്ന മക്കൾ പിറക്കുന്നത്. കുട്ടികളുടെ വളർച്ചയിൽ അതിനിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന മാതാ പിതാക്കളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചകൾ സമൂഹത്തിന് വലിയ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. സമ്പൂർണ്ണ ജീവിത വ്യവസ്ഥിതിയായ വിശുദ്ധ ഇസ്ലാം സന്താന പരിപാലനത്തിന്റെ നല്ല പാഠങ്ങൾ പരിചയപ്പെടുത്തുന്നുണ്ട്. അതിനെ പ്രായോഗിക വൽക്കരിക്കാനുള്ള പരിശീലനം സമുദായത്തിനു നൽകുകയെന്ന മഹത്തായ ദൗത്യവുമായി മുന്നിട്ടിറങ്ങുകയാണ് പാരന്റിംഗ് കോഴ്സിലൂടെ സുന്നീ മഹല്ല് ഫെഡറേഷൻ. അതോടൊപ്പം കാലോചിതവും ശാസ്ത്രീയവുമായ അറിവുകൾ സമന്വയിപ്പിച്ച് പുതുയുഗ പാരന്റിംഗ് എങ്ങനെ സാധ്യമാക്കാമെന്നും പഠിപ്പിക്കുകയാണ്. സമുദായത്തിന്റെ നല്ല നാളെയെ സൃഷ്ടിക്കാൻ ഈ കോഴ്സിലൂടെ സാധ്യമാവട്ടേയെന്ന് നമുക്ക് പ്രത്യാശിക്കാം. പ്രാർത്ഥിക്കാം.....

**കോഴ്സിന്റെ ലക്ഷ്യം:**

- സന്താന പരിപാലനത്തെ കുറിച്ചുള്ള പ്രായോഗിക പാഠങ്ങൾ പകർന്നു നൽകുക.
- ഇസ്ലാമികപരമായ കാഴ്ചപ്പാടുകൾ പരിചയപ്പെടുത്തുക.
- സന്താന പരിപാലനത്തെകുറിച്ച് അവബോധമുള്ള രക്ഷിതാക്കളെ സൃഷ്ടിക്കുക.
- കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ച, ആരോഗ്യം എന്നിവ ഉറപ്പു വരുത്തുക.
- സംസ്കാര സമ്പന്നരും ക്രിയാത്മകരുമായ ഭാവിതലമുറയെ വാർത്തെടുക്കുക.

# പഠന മേഖലകൾ

**ബൈസിക് കോഴ്സ്**

ഓറിയന്റേഷൻ അടക്കം ആകെ നാല് ക്ലാസുകൾ

**I. ഓറിയന്റേഷൻ പ്രോഗ്രാം (ഒരു മണിക്കൂർ)**

- ആരാണ് രക്ഷിതാവ്
- രക്ഷിതാവായ ഞാൻ മാറണം
- സമകാലിക പ്രശ്നങ്ങൾ
- സൈബർ ലോകം, ഒളിച്ചോട്ടം, ലഹരി, ഫാഷൻ
- പോസിറ്റീവ് മാതൃകകൾ
- പത്ത് മിനുട്ട് കോഴ്സ് വിശദീകരണം

**II. ഫസ്റ്റ് മൊഡ്യൂൾ (2 മണിക്കൂർ)**

- വിവാഹം മുതൽ പ്രസവം വരെ
- സന്തുഷ്ട കുടുംബം
- കുട്ടി ജനിക്കുന്നു
- ഗർഭിണികൾ ശ്രദ്ധിക്കേണ്ടത്
- വീട്ടിലെ സാഹചര്യം

**III. സെക്കന്റ് മൊഡ്യൂൾ**

- പ്രസവം മുതൽ കൗമാരം വരെ
- പ്രസവാനന്തര കാര്യങ്ങൾ
- കുട്ടികളുടെ ചലനങ്ങൾ
- ശാരീരിക മാനസിക വളർച്ച
- പോസിറ്റീവ് സ്ട്രോക്ക്
- സെൽഫ് എസ്റ്റീം
- ധാർമിക പരിശീലനം

**IV തേർഡ് മൊഡ്യൂൾ**

- കൗമാര പ്രായം
- ശാരീരിക മാനസിക വളർച്ച
- കൗമാര പ്രശ്നങ്ങളും പരിഹാരങ്ങളും
- ടി. എ യുടെ ബൈസിക് പഠനം

## അഡ്വാൻസ്ഡ് കോഴ്സ്

ആകെ അഞ്ച് ക്ലാസുകൾ

1. PRENATAL (ഗർഭാവസ്ഥയിലുള്ള സമയം)
2. INFANCY (ശൈശവം - പ്രസവം മുതൽ 2 വയസ്സ് വരെ)
3. EARLY CHILDHOOD (പ്രാഥമിക ബാല്യം 2-6)
4. CHILD HOOD, PRE - ADOLESCENCE (ബാല്യം 7-11, പ്രാഥമിക കൗമാരം 11-14)
5. ADOLESCENCE (കൗമാര കാലഘട്ടം 14-21)

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക :**
**സി. ടി അബ്ദുൽ ഖാദർ : 9846074605, 9446074605**
**എ. കെ ആലിപ്പറമ്പ് : 9961081443**